"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ജലവിഭവ വകുപ്പ്-ജല ജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് - സമിതികളുടെ ഘടന പുന:ക്രമീകരിച്ചും-ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ സമിതി രൂപീകരിച്ചും-ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (ജലവിതരണ-സി) വകുപ്പ്

സ.ഉ.(കൈ) നം.44/2020/ജ.വി.വ തീയതി,തിരുവനന്തപുരം, 24/08/2020

പരാമർശം:- 1 08/06/2020-ലെ സ.ഉ.(കൈ) നം.37/2020/ജ.വി.വ. നമ്പർ ഉത്തരവ്.

2 17.06.2020ൽ ബഹു ജല വിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനം

3 കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 09.08.2020-ലെ PIU/JJM/2020 നമ്പർ കത്ത്.

ഉത്തരവ്

ജല ജീവൻ മിഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 5 വർഷത്തേക്ക് പദ്ധതിയ്ക്ക് സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനം അംഗീകരിച്ചും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിൽ പദ്ധതി നടപ്പിലാക്കുവാൻ അംഗീകാരം നൽകിയും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ നടത്തിപ്പ് കമ്മിറ്റികൾ രൂപീകരിക്കുന്നത് സംബന്ധിച്ചും സമിതികളുടെ ഘടനസംബന്ധിച്ചും വിശദമാക്കിയിരുന്നു.

(2) ഡിസ്ട്രിക്ട് വാട്ടർ & സാനിറ്റേഷൻ മിഷൻ കമ്മിറ്റിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാ പഞ്ചായത്തിന്റെയും രണ്ട് പ്രതിനിധികളെ വീതം ഉൾപ്പെടുത്തുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

(3) ബഹു.മുഖ്യമന്ത്രിയുടെ 6/8/2020 ലെ അവലോകന യോഗത്തിൽ പരാമർശിച്ചതനുസരിച്ച് ജല ജീവൻ മിഷൻ നടത്തിപ്പ് കമ്മിറ്റികളായ സ്റ്റേറ്റ് വാട്ടർ & സാനിറ്റേഷൻ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും, ഡിസ്ട്രിക്ട് വാട്ടർ & സാനിറ്റേഷൻ മിഷൻ കമ്മിറ്റിയുടെയും ഘടന പുന:ക്രമീകരിക്കുവാനും, ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ സമിതി രൂപീകരിക്കുവാനും ആവശ്യപ്പെട്ട് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

(4) മേൽ സാഹചര്യത്തിൽ ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ചുവടെ പറയുന്ന അംഗങ്ങളെക്കൂടി ഉൾപ്പെടുത്തി സമിതികൾ പുനഃക്രമീകരിച്ചും, ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ സമിതി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

കേരള വാട്ടർ & സാനിറ്റേഷൻ മിഷൻ (എക്സിക്യൂട്ടീവ് കമ്മിറ്റി)

- ഡയറക്ടർ, പഞ്ചായത്ത് -മെമ്പർ

**ഡിസ്ട്രിക്ട് വാട്ടർ & സാനിറ്റേഷൻ മിഷൻ**

- ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് -മെമ്പർ
- ജില്ലാ പ്ലാനിംഗ് ഓഫീസർ -മെമ്പർ
- ബ്ലോക്ക് പഞ്ചായത്തിന്റെയും, ജില്ലാ പഞ്ചായത്തിന്റെയും രണ്ട് പ്രതിനിധികൾ വീതം-മെമ്പർ

**ഗ്രാമ പഞ്ചായത്ത് ജല ശുചിത്വ സമിതി.**

- പഞ്ചായത്ത് പ്രസിഡന്റ് -ചെയർപേഴ്സൺ
- പഞ്ചായത്ത് സെക്രട്ടറി - മെമ്പർ കൺവീനർ
- അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, (പ്രൊജക്റ്റ്) കേരള വാട്ടർ അതോറിറ്റി - മെമ്പർ
- അസിസ്റ്റന്റ് എഞ്ചിനീയർ (പ്രൊജക്റ്റ് ), കേരള വാട്ടർ അതോറിറ്റി, - മെമ്പർ
- അസിസ്റ്റന്റ് എഞ്ചിനീയർ (മെയിന്റനൻസ്), കേരള വാട്ടർ അതോറിറ്റി, - മെമ്പർ
- ജൂനിയർ ഹൈഡ്രോളജിസ്റ്റ് /അസിസ്റ്റന്റ് എഞ്ചിനീയർ ഭൂജല വകുപ്പ് - മെമ്പർ
- പ്രൊജക്റ്റ് കമ്മിഷണർ, കെ.ആർ.ഡബ്ല്യൂഎസ്.എ --മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടി.കെ.ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. ചീഫ് സെക്രട്ടറി
2. മാനേജിംഗ് ഡയറക്ടർ , കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
3. എക്സിക്യൂട്ടിവ് ഡയറക്ടർ, കെ. ആർ. ഡബ്ല്യൂഎസ്. എ
4. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. എല്ലാ ജില്ലാ കളക്ടർമാർക്കും
7. എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി& എൻവയോൺമെന്റ്
8. ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

9. ചീഫ് എഞ്ചിനീയർ, പ്രോജക്ട് & ഓപ്പറേഷൻസ്, കേരള വാട്ടർ അതോറിറ്റി

10. ഡയറക്ടർ(ടെക്നിക്കൽ), കെ. ആർ. ഡബ്ല്യു എസ്. എ

11. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

12. ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്

13. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്

14. ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

15. എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ.

16. ഡയറക്ടർ, ഭൂജലവകുപ്പ്.

17. ഡയറക്ടർ, റൂറൽ ഡവലപ്മെന്റ് വകുപ്പ്

18. ഡയറക്ടർ, ആരോഗ്യ വകുപ്പ്

19. ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്

20. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

21. ഡയറക്ടർ, സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ്

22. ഡയറക്ടർ, റീജിയണൽ സെൻട്രൽ വാട്ടർ കമ്മീഷൻ

23. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്

24. ഡയറക്ടർ, കൃഷി വകുപ്പ്

25. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ,/ഡിസ്ട്രിക്ട് ഡവലപ്മെന്റ് ഓഫീസർ/ചീഫ് ഡവലപ്മെന്റ് ഓഫീസർ, ജില്ലാ പഞ്ചായത്ത്

26. പ്രോജക്ട് ഡയറക്ടർ, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് ഏജൻസി, ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട്

27. എല്ലാ ഡിവിഷണൽ പ്രോജക്ട് ഓഫീസർമാർക്കും

28. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

29. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

Renuka Sankar
സെക്ഷൻ ഓഫീസർ